കയർ മേഖലയിലെ യന്ത്രവൽക്കരണം

98 (1152) ശ്രീ. സി. മമ്മൂട്ടി :
ശ്രീ. ടി. പി. എം. സാഹിർ :
ശ്രീ. പി. കെ. അബ്ദുറബ്ബ് :
ശ്രീ. വി. കെ. ഇബ്രാഹിംകുഞ്ഞ് :
ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കയറുൽപ്പാദന മേഖലയിൽ എന്തെല്ലാം ജോലികൾക്കാണ് ഇപ്പോൾ യന്ത്രവൽക്കരണം നടപ്പാക്കിയിട്ടുള്ളത് ;

(ബി) തൊണ്ടു തല്ലുന്നതും ചകിരി ചോറു കളഞ്ഞു വൃത്തിയാക്കുന്നതിനും യന്ത്രം ഉപയോഗിക്കുന്നതുകൊണ്ട് തൊഴിൽ നഷ്ടപ്പെട്ടു വരുന്നുണ്ടോ ;

(സി) എങ്കിൽ അവർക്കുള്ള നഷ്ടത്തിന് എന്തു പരിഹാരമാണ് നൽകുന്നത് ?

ഉത്തരം

(എ) തൊണ്ടുതല്ലൽ, വൃത്തിയാക്കൽ, പച്ചത്തൊണ്ടിൽനിന്നും ചകിരി ഉത്പാദിപ്പിക്കൽ, കയർ പിരിക്കൽ എന്നീ മേഖലകളിൽ ക്രമേണ യന്ത്രവൽക്കരണം നടപ്പാക്കിവരുന്നു.

(ബി) ഇക്കാരണത്താൽ തൊഴിൽ നഷ്ടപ്പെടുന്നതായി അറിവില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

കയർ തൊഴിലാളികളെ സംരക്ഷിക്കുവാനും പെൻഷൻ കുടിശ്ശിക നൽകാനും നടപടി

99 (1153) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര കയർ നിർമ്മാണ സ്ഥാപനങ്ങൾ പൂട്ടുകയോ പ്രവർത്തനം നിറുത്തി വയ്ക്കുകയോ ചെയ്തുവെന്ന് പഠനം നടത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര എണ്ണം പൂട്ടി എന്ന് വിശദമാക്കുമോ ;

(ബി) തൊഴിൽ നഷ്ടപ്പെട്ട കയർ തൊഴിലാളികളെ സംരക്ഷിക്കാൻ എന്തൊക്കെ നടപടി സ്വീകരിച്ചു എന്ന് വെളിപ്പെടുത്തുമോ ;

(സി) കയർ തൊഴിലാളികൾക്കുള്ള പെൻഷൻ എത്ര മാസമായി കുടിശ്ശികയുണ്ടെന്ന് വെളിപ്പെടുത്തുമോ ; കുടിശ്ശിക തീർത്തുനൽകാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കയർ തൊഴിലാളികൾക്കുള്ള വിവിധ ആനുകൂല്യങ്ങൾ നൽകുന്നതിനുള്ള കാല താമസത്തിന്റെ കാരണം വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ഇല്ല.

(ബി) തൊഴിൽ നഷ്ടപ്പെട്ടതായി അറിവില്ല.

(സി) 31-5-2003 വരെ മുൻ കയർ തൊഴിലാളികൾക്ക് 23 മാസത്തെയും, മെമ്പർ പെൻഷൻകാർക്ക് 12 മാസത്തേയും പെൻഷൻ കുടിശ്ശികയുണ്ട്. 31-12-2002 വരെയുള്ള പെൻഷൻ കുടിശ്ശിക നൽകുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ഡി) കയർ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനത്തിനാവശ്യമായ ധനസഹായത്തിന്റെ അപര്യാപ്തതയാണ് കാലതാമസത്തിനു കാരണം.

കയർഫെഡിൽ നടന്ന ക്രമക്കേടുകൾ

100 (1154) ശ്രീ. മാമ്മൻ മത്തായി :
ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. സ്റ്റീഫൻ ജോർജ് :
ശ്രീ. ജോസഫ് എം. പുതുശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1998 മുതൽ 2002 വരെയുള്ള കാലയളവിൽ കയർഫെഡിൽ വ്യാപകമായ ക്രമക്കേടുകൾ നടന്നിട്ടുള്ളതായി ഓഡിറ്റ് റിപ്പോർട്ടുകൾ വെളിവാക്കുന്നുണ്ടെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) 1998-1999 മുതൽ 2001-2002 വരെയുള്ള ഓരോ സാമ്പത്തിക വർഷത്തിലും ഉണ്ടായ നഷ്ടം എത്രയെന്ന് വിശദമാക്കുമോ ;

(സി) ഇപ്രകാരം വൻ സാമ്പത്തികനഷ്ടം ഉണ്ടാകാനിടയായ സാഹചര്യം എന്താണെന്ന് വിശദമാക്കാമോ ;

(ഡി) വൻ സാമ്പത്തിക നഷ്ടം വരുത്തിവച്ചവർക്കെതിരെ ശിക്ഷണ നടപടികൾ സ്വീകരിക്കുവാൻ സന്നദ്ധമാകുമോ ;

(ഇ) എങ്കിൽ എന്ത് ശിക്ഷണ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ആഡിറ്റ് റിപ്പോർട്ട് ലഭ്യമായ 1999-2000 വർഷം വരെയുള്ള കാലയളവിൽ, അവസാന ആഡിറ്റ് റിപ്പോർട്ടിൽ (1999-2000) സാമ്പത്തിക ക്രമക്കേടുകൾ നടന്നതായി വെളിവാക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly